ഉത്തരം

(എ-ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജനം സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നത് സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷനാണ്. സംസ്ഥാനത്ത് 2015-ലെ തദ്ദേശസ്വയംഭരണ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി പുതുതായി രൂപീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജനവുമായി ബന്ധപ്പെട്ട ആക്ഷേപങ്ങളിന്മേലുള്ള നേരിൽ കേൾക്കലുൾപ്പെടെയുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

ധനകാര്യ കമ്മീഷൻ ശിപാർശയും തദ്ദേശ സ്ഥാപനങ്ങളും

151 (5503) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്ഥാപനങ്ങൾക്ക് ഇപ്പോൾ ആവശ്യത്തിന് പണം ലഭിക്കുന്നുണ്ടോ ;

(ബി) ധനകാര്യ കമ്മീഷന്റെ ശിപാർശയനുസരിച്ചുള്ള മൊത്തം പദ്ധതി അടങ്കലിന്റെ 30% തുക തദ്ദേശസ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ ;

(സി) മൊത്തം പദ്ധതി അടങ്കലിൽ നിന്നും എത്ര തുക മാറ്റിവച്ചതിനു ശേഷമുള്ള തുകയാണിപ്പോൾ ലഭിക്കുന്നത് ; ഇത് ധനകാര്യ കമ്മീഷൻ ശിപാർശയ്ക്ക് വിരുദ്ധമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് ഫലത്തിൽ എത്ര ശതമാനം തുകയാണ് ലഭിക്കുന്നതെന്നും ഇതിൽ ഓരോ വർഷവും എത്ര ശതമാനം വീതം ചെലവഴിക്കാൻ സാധ്യമായിട്ടുണ്ടെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതി അടങ്കലിന്റെ 25 ശതമാനത്തിൽ കുറയാത്ത തുക ലഭ്യമാക്കിയിട്ടുണ്ട്.

(സി) മൊത്തം പദ്ധതി അടങ്കലിൽനിന്നും 15,200 കോടി രൂപ മാറ്റിവച്ചതിനു ശേഷമുള്ള 4,800 കോടി രൂപയാണ് 2015-16 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്ക് ലഭിക്കുന്നത്. ഇത് ധനകാര്യ കമ്മീഷന്റെ സർക്കാർ അംഗീകരിച്ച ശിപാർശക്ക് വിരുദ്ധമല്ല.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly